**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1684** **19-01-2021 - ൽ മറുപടിയ്ക്ക്**

**വഴുതക്കാട് വനിത സൗഹൃദ ഇടനാഴി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .എസ്. ശിവകുമാർ | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരസഭയുടെ ആഭിമുഖ്യത്തിൽ വഴുതക്കാട് വനിത സൗഹൃദ ഇടനാഴി സ്ഥാപിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത പ്രവൃത്തി ആരാണ് ടെൻഡർ എടുത്തത്; എത്ര കോടി രൂപയായിരുന്നു എസ്റ്റിമേറ്റ് എന്നറിയിക്കാമോ; | (ബി) | ശ്രീ.അബ്ദുൾ വഹാബ് ഇ., എസ്റ്റിമേറ്റ് തുക ഒരു കോടി. |
| (സി) | വനിത സൗഹൃദ ഇടനാഴിയിൽ ടെൻഡർ പ്രകാരം നടത്തേണ്ട ജോലികൾ എന്തൊക്കെയായിരുന്നു; അത് കരാറുകാരൻ പൂർത്തീകരിച്ചിട്ടുണ്ടോ; | (സി) | വനിതാ സൗഹൃദ ഇടനാഴി സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ, സോളാർ പാനൽ സ്ഥാപിക്കൽ, ഇന്റർലോക്ക് ടൈൽ പാകൽ എന്നിവയാണ് ടെണ്ടർ പ്രകാരം നടത്തേണ്ട ജോലികൾ. ഇന്റർലോക്ക് ടൈൽപാകൽ പ്രവൃത്തി കരാറുകാരൻ പൂർത്തീകരിച്ചിട്ടില്ല. |
| (ഡി) | ഇതിനകം കരാറുകാരന് എന്ത് തുക നൽകി; | (ഡി) | കരാറുകാരന് 83,64,883/- രൂപ പാർട്ട് ബില്ലായി അനുവദിച്ചിട്ടുണ്ട്. |
| (ഇ) | വനിത സൗഹൃദ ഇടനാഴിയിൽ ചരിത്രത്തിൽ ഇടം നേടിയ വനിതകളുടെ ചിത്രങ്ങൾ പതിപ്പിച്ചിട്ടുണ്ടോ; ഇതിനായി എന്ത് തുകയാണ് ചെലവഴിച്ചത്; ഇതിനായി ടെൻഡർ വിളിച്ചിരുന്നോ; | (ഇ) | ചിത്രങ്ങൾ പതിപ്പിച്ചിട്ടുണ്ട്. ചിത്രങ്ങൾക്കായി തിരുവനന്തപുരം നഗരസഭ പ്രോജക്ട് വയ്ക്കുകയോ ടെണ്ടർ വിളിക്കുകയോ തുക ചെലവഴിക്കുകയോ ചെയ്തിട്ടില്ല. |
| (എഫ്) | വനിത ഇടനാഴി നിലവാരമില്ലാത്ത സാമഗ്രികൾ ഉപയോഗിച്ച് നിർമ്മിച്ചതെന്നും പൊതുമരാമത്ത് വകുപ്പ് മുമ്പ് സ്ഥാപിച്ച ഹാൻഡ്റെയിൽ മാറ്റി പുതിയ സ്റ്റീൽ റെയിൽ സ്ഥാപിക്കാതെയാണ് കരാറുകാരന് പണം നൽകിയതെന്നുമുള്ള ആക്ഷേപം പരിശോധിക്കുമോ? | (എഫ്) | പൊതുമരാമത്ത് വകുപ്പ് നിലവിൽ സ്ഥാപിച്ചിട്ടുള്ളതായ ഹാൻഡ് റെയിൽസിന് കേടുപാടുകൾ സംഭവിക്കാത്തതിനാൽ ആയത് ഇളക്കിമാറ്റിയിട്ടില്ല. ബാക്കി ഭാഗങ്ങളിൽ കോർപ്പറേഷന്റെ പദ്ധതി പ്രകാരം സ്ഥാപിച്ച സ്റ്റീൽ ഹാൻഡ് റെയിലിന്റെയും സൗഹൃദ ഇടനാഴിയുടേയും ഗുണനിലവാരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് മുഖേന പരിശോധിച്ച് ഉറപ്പ് വരുത്തിയതിനു ശേഷമാണ് നിർമ്മാണം നടത്തിയിട്ടുള്ളതും, ആയതിനു മാത്രമാണ് കരാറുകാരന് തുക നൽകിയിട്ടുള്ളതും. |

| | | | |
|---|---|---|---|
| | | | ആക്ഷേപത്തിൽ കഴമ്പില്ലാത്തതിനാൽ പരിശോധന വേണ്ടതില്ല. |

സെക്ഷൻ ഓഫീസർ